**ഫയൽ നം : SSG 2/243/2023-TC** **തിയതി : 16-11-2023**

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്**

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് തൈക്കാട് പി.ഒ,തിരുവനന്തപുരം - 695 014

ഇ-മെയിൽ : tcoffice.mvd@kerala.gov.in |വെബ്: www.mvd.kerala.gov.in |☎ :0471- 2333317

**പ്രേഷകൻ,**

ട്രാൻസ്പോർട്ട് കമ്മീഷണർ,

കേരളം

**സ്വീകർത്താവ്,**

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ,

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ,

എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ

സർ,

**വിഷയം:-** മോട്ടോർ വാഹന വകുപ്പ് - **ആധാർ ബേസ്ഡ് മൊബൈൽ അപ്ഡേഷൻ** - **മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത്** - സംബന്ധിച്ച്

**സൂചന :-** 1. മേൽവിഷയത്തിൽ നൽകിയിട്ടുള്ള മുൻ നിർദേശങ്ങൾ - SSG 2/243/2023-TC - തീയതി 23/08/2023

2. മേൽവിഷയത്തിൽ 25/10/2023 ലെ യോഗത്തിൽ കൈകൊണ്ട തീരുമാനങ്ങൾ

മോട്ടോർ വാഹന വകുപ്പിലെ വിവിധ സേവനങ്ങൾക്കായി, അപേക്ഷകരുടെ ആധാറുമായി ബന്ധിപ്പിച്ചിട്ടുള്ള മൊബൈൽ നമ്പർ വാഹനിൽ അപ്ഡേറ്റ് ചെയ്യേണ്ടതുണ്ട്. ആയതു സംബന്ധിച്ച നിർദ്ദേശങ്ങൾ സൂചന 1 പ്രകാരമുള്ള കത്തിലൂടെ നേരത്തെ ലഭ്യമാക്കിയിട്ടുണ്ട്. ആയതിനൊപ്പം ചുവടെ പറയുന്ന നിർദ്ദേശങ്ങളും മേൽവിഷയത്തിൽ പിന്തുടരേണ്ടതാണ്.

1. പരിവാഹൻ സോഫ്റ്റ്‌വെയറിൽ വിവിധ സേവനങ്ങൾ ലഭിക്കുന്നതിലേക്കായി വാഹന ഉടമകളുടെ മൊബൈൽ നമ്പർ അപ്ഡേറ്റ് ചെയ്യുമ്പോഴും, നിലവിൽ ഉള്ള മൊബൈൽ നമ്പർ മാറ്റം വരുത്തുമ്പോഴും, വാഹന ഉടമയുടെ ആധാറുമായി ഉടമയുടെ മൊബൈൽ ലിങ്ക് ചെയ്യപ്പെട്ടിരിക്കേണ്ടതാണ്.
2. ആധാറുമായി ലിങ്ക് ചെയ്യപ്പെട്ട മൊബൈലിൽ ലഭിക്കുന്ന OTP നൽകി സേവ് ചെയ്യുമ്പോൾ ആധാറിലെ പേര് വിവരവും, വാഹൻ സോഫ്റ്റ്‌വെയറിലെ പേര് വിവരവും തമ്മിൽ തുടർ ക്രമത്തിൽ 50% ശതമാനം പൊരുത്തമുണ്ടെങ്കിൽ ഓഫീസിനെ സമീപിക്കാതെ അപേക്ഷകനു മൊബൈൽ അപ്ഡേഷൻ ചെയ്യാവുന്നതാണ്. പരിവാഹൻ പോർട്ടൽ സിറ്റിസൺ സൈഡിലെ ആധാർ ബേസ്ഡ് മൊബൈൽ അപ്ഡേഷൻ ആക്ഷൻ വഴി അപേക്ഷകനു ആട്ടോ അപ്പ്രൂവൽ പ്രോസസ്സിലൂടെ മൊബൈൽ അപ്ഡേറ്റ് ചെയ്യാവുന്നതാണ്.
3. ആധാറും മൊബൈലും ലിങ്ക് ചെയ്തിട്ടും മൊബൈൽ നമ്പർ ആട്ടോ-അപ്ഡേറ്റ് ചെയ്യുവാൻ കഴിയുന്നില്ല എന്ന സാഹചര്യത്തിൽ മാത്രം പരിവാഹൻ പോർട്ടലിലെ രണ്ടാമത്തെ ഓപ്ഷൻ ആയ മൊബൈൽ **Mobile number Verification (Approval will be done by RTO)** എന്നത് ഉപയോഗിക്കുക. ഈ സാഹചര്യത്തിൽ ഡോകമെന്റ് അപ്‌ലോഡ് ചെയ്തു ഓൺലൈൻ ആയി സമർപ്പിച്ച അപേക്ഷ ഓഫീസിൽ ലഭിച്ചാൽ, ആയതു പരിശോധിച്ച് ഉടമയുടെ മൊബൈലും ആധാറും തമ്മിൽ ലിങ്ക് ചെയ്തു എന്ന് ഉറപ്പുവരുത്തി, ഓഫീസിൽ ത്രീലെവൽ ആക്ഷൻ വഴി അപ്ഡേറ്റ് ചെയ്യാവുന്നതാണ്. ഇത്തരം കേസുകളിൽ ആട്ടോ അപ്പ്രൂവൽ നടത്തുമ്പോൾ ലഭിച്ച പൊരുത്തശതമാനം (50% ത്തിൽ താഴെ ആയിരിക്കണം) ഫ്രെയിമിൽ വരത്തക്കവിധം സ്ക്രീൻ ഷോട്ട് അപ്‌ലോഡ് ചെയ്തത് ഉറപ്പുവരുത്തേണ്ടതാണ്.
4. ഉടമ മരണപ്പെട്ട സാഹചര്യത്തിൽ നോമിനിയുടെ പേരിലേക്ക് ഉടമസ്ഥാവകാശം മാറ്റുമ്പോൾ മൊബൈൽ അപ്ഡേറ്റ് ചെയ്യുവാനായി, ഓൺലൈൻ ആയി സമർപ്പിച്ച അപേക്ഷയിൽ

I/162692/2023

നോമിനിയുടെ മൊബൈൽ ആണെന്ന് ഉറപ്പുവരുത്തി അപ്ഡേറ്റ് ചെയ്തു നൽകാവുന്നതാണ്. ഡോക്യുമെന്റ് അപ്ലോഡ് ഓപ്ഷൻ വഴി ഡെത്ത് സർട്ടിഫിക്കറ്റ്, നോമിനീ പ്രൂഫ് എന്നിവ അപ്ലോഡ് ചെയ്യേണ്ടതാണ്.

5. നിലവിൽ വിദേശത്തു താമസിക്കുന്നവരുടെ ആധാർ മൊബൈൽ ലിങ്ക്ഡ് അല്ലായെങ്കിൽ, വാഹനത്തിനു എന്തെങ്കിലും സേവനം ലഭ്യമാകുവാനുണ്ടെങ്കിൽ, പ്രസ്തുത വ്യക്തികളുടെ മൊബൈൽ നമ്പർ ആധാറുമായി ബന്ധിപ്പിക്കേണ്ടിവരുന്നു. എന്നാൽ വിദേശത്തു ആയതിനാൽ ഇതിലേക്കായി പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു. ഉടമ വിദേശത്തു ആയിരിക്കുമ്പോൾ, ആധാറുമായി മൊബൈൽ ലിങ്ക് ചെയ്യുവാൻ സാഹചര്യം ഇല്ലാത്ത അവസ്ഥ ആണെങ്കിൽ, വിദേശത്തു ആണ് എന്ന് തെളിയിക്കുന്ന പാസ്സ്പോർട്ടിന്റെ പ്രസക്തഭാഗങ്ങൾ, വിസ, അപേക്ഷ എന്നിവ സഹിതം ഓഫീസിൽ ഇമെയിൽ മുഖാന്തിരം അപ്ലോഡ് ചെയ്തു അപേക്ഷിക്കുന്ന പക്ഷം, ആയതു പരിശോധിച്ചു ബോധ്യപ്പെട്ടാൽ, മൊബൈൽ അപ്ഡേറ്റ് ചെയ്തു നൽകാവുന്നതാണ്.
6. കേന്ദ്രഗവണ്മെന്റ്, സ്റ്റേറ്റ്ഗവണ്മെന്റ്, Firm, ലോക്കൽ അതോറിറ്റീസ്, എഡ്യൂക്കേഷണൽ സ്ഥാപനങ്ങൾ e t c എന്നിവയുടെ മൊബൈൽ അപ്ഡേറ്റ് ചെയ്യുവാൻ ഓൺലൈൻ ആയി **Mobile number Verification & Approval will be done by RTO** എന്ന ഓപ്ഷൻ വഴി അപേക്ഷ ലഭിച്ചാൽ മൊബൈൽ അപ്ഡേറ്റ് ചെയ്തു നൽകേണ്ടതാണ്. ഇത്തരം കേസിൽ അപേക്ഷ അപ്ലോഡ് ചെയ്തിരിക്കേണ്ടതാണ്.
7. ഉടമസ്ഥാവകാശം മാറ്റൽ,റെജിസ്ട്രേഷൻ തുടങ്ങിയ സർവീസുകൾക്കായി ലഭിക്കുന്ന അപേക്ഷകൾ സ്ക്രൂട്ടിനി, verify ലെവലുകളിൽ ഓണർഷിപ്പ് ടൈപ്പ് നൽകിയിട്ടുള്ളത് കറക്റ്റ് ആണ് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. അക്ഷയ, ഇ-സേവാ, ഡീലർ എന്നിവർക്ക് ആയതു സംബന്ധിച്ച് അറിയിപ്പും നൽകേണ്ടതാണ്.
8. ഓഫീസ് മേലധികാരി ഈ നിർദേശം എല്ലാ ജീവനക്കാരും കണ്ടു എന്ന് ഉറപ്പുവരുത്തേണ്ടതും ആയതു എല്ലാക്കാലവും വീഴ്ചകൂടാതെ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ് .

വിശ്വസ്തതയോടെ,

Signed by
K Manojkumar
Date: 16-11-2023 11:09:43

K MANOJKUMAR

JOINT TRANSPORT COMMISSIONER & SECRETARY STA

**മോട്ടോർ വാഹന വകുപ്പ്, കേരളം**